ജോസ് കെ. മാണി മനസ്സ് തുറക്കുന്നു

തലമുറകൾ തന്നു പോയ രാഷ്ട്രീയ ബോധം അങ്ങനെയാണ്, അത് രക്തത്തിലും മജ്ജയിലും മാംസത്തിലും എല്ലാം നിറഞ്ഞു നിൽക്കും. കേരള രാഷ്ട്രീയത്തിൽ കെ.എം. മാണി എന്ന പാലാക്കാരുടെ സ്വന്തം മാണി സാർ എങ്ങനെ അടയാളപ്പെട്ടുവോ അത്രതന്നെ ഭംഗിയായി ജോസ് കെ. മാണിയും എഴുതപ്പെട്ടിരിക്കുന്നു. നിലപാടുകൾ കൊണ്ടും നാടിന് വേണ്ടിയുള്ള മുന്നേറ്റം കൊണ്ടും ചരിത്രത്തിലെ അതേ ജനകീയത വർത്തമാന കാലത്തിലും അദ്ദേഹം നിലനിർത്തുന്നു.

കേരളാ കോൺഗ്രസ്സ് എം ചെയർമാൻ ജോസ് കെ. മാണി എം.പി ചിക്കാഗോയിൽ നിന്നും കഴിഞ്ഞ 33 വർഷമായി പ്രസിദ്ധീകരിക്കുന്ന കേരളാ എക്സ്പ്രസുമായി തന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളെ കുറിച്ചും വികസന സ്വപ്നങ്ങളെ കുറിച്ചും മനസ്സ് തുറക്കുന്നു.

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

കേരളാ യൂത്ത് ഫ്രണ്ടിന്റെ സംസ്ഥാന പ്രസിഡന്റായി പ്രവർത്തിച്ച കാലഘട്ടത്തിൽ, സംസ്ഥാനത്തെ യുവജനങ്ങളുടെ രാഷ്ട്രീയ ബോധം ഉയർത്തുന്നതിനും അവരിൽ നേതൃത്വത്തിന്റെ കരുത്ത് സമ്മാനിക്കുന്നതിനും അദ്ദേഹം വളരെയധികം ശ്രദ്ധ നൽകിയിരുന്നു. അതിൽ നിന്നും ഉരുത്തിരിഞ്ഞ വികസന സന്ദേശ യാത്ര, വികസനസേന തുടങ്ങിയ യുവജന സംരംഭങ്ങൾ കേരളത്തിന്റെ രാഷ്ട്രീയപടവുകൾക്ക് പുതിയ ഊർജ്ജം നൽകിയവയാണ്.

2009–ലും 2014–ലും കോട്ടയം ലോക്സഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട്, പ്രാതിനിധ്യത്തിന്റെയും വികസന പദ്ധതികളുടെയും മികച്ച ട്രാക്ക് റെക്കോർഡുള്ള എം.പി എന്ന നിലയിൽ ജോസ് കെ. മാണി പ്രസിദ്ധി നേടി. കോട്ടയത്തെ ഒരു സയൻസ് സിറ്റിയായി വികസിപ്പിക്കുക, വിദ്യാഭ്യാസ രംഗത്ത് കേന്ദ്ര സ്ഥാപനങ്ങൾ കൊണ്ടുവരിക, കേരളത്തിലെ ആദ്യത്തെ പാസ്സ്പോർട്ട് സേവാ കേന്ദ്രം കൊണ്ടുവരിക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ മുന്നോട്ട് വയ്ക്കുക തുടങ്ങിയ നിരവധി മേഖലകളിൽ അദ്ദേഹം സജീവമായി ഇടപെട്ടു.

വികസനപരമായ ഇടപെടലുകൾക്കും ജനക്ഷേമ നയങ്ങൾക്കും മുൻതൂക്കം നൽകിയ ജോസ് കെ. മാണി, കേരള കോൺഗ്രസ് (എം) പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്താനും, സംസ്ഥാന രാഷ്ട്രീയത്തിൽ അതിന്റെ സ്വാധീനം വർധിപ്പിക്കാനും ഒരു അമരക്കാരനായി തന്നെ മുൻപിൽ നിന്നു.

കർഷകസംരക്ഷണത്തിന് വേണ്ടി, റബ്ബർ വില വർദ്ധിപ്പിക്കുന്നതിനു വേണ്ടി ദിവസങ്ങൾ നീണ്ട ഉപവാസം, ബഫർസോ

ജോസ് കെ. മാണി, മാതാവ് കുട്ടിയമ്മ, പിതാവ് കെ.എം. മാണി എന്നിവരോടൊപ്പം

ൺ പ്രശ്നത്തിലെ സുപ്രധാന ഇടപെടലുകൾ, പ്രവാസി മലയാളികളുടെ അഭിമാന സംരക്ഷണത്തിന് കൃത്യമായ നീക്കങ്ങൾ തുടങ്ങി, കേരളത്തിനകത്തും പുറത്തുമുള്ള മലയാളി സമൂഹത്തിനായി അദ്ദേഹം നിരന്തരമായി പ്രവർത്തിച്ചു.

സമ്പന്നമായ രാഷ്ട്രീയ പാരമ്പര്യത്തോടൊപ്പം, ജനങ്ങളുമായി നേരിട്ടുള്ള ഇടപെടലിലൂടെയും വികസന ആശയങ്ങളിലൂടെയും ഒരു പുതുമയുള്ള രാഷ്ട്രീയ കാഴ്ചപ്പാടുമായി ജോസ് കെ. മാണി ഇപ്പോഴും മുന്നോട്ട് പോവുകയാണ്. ജനക്ഷേമം, കർഷകരുടെ മുന്നേറ്റം, യുവജന രാഷ്ട്രീയ പ്രബോധനം തുടങ്ങിയ മേഖലകളിൽ തന്മയത്വത്തോടെയും ദൃഢനിശ്ചയത്തോടെയും അദ്ദേഹം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ചോദ്യം: വളരെ ചിന്തിച്ചും, സൂക്ഷിച്ചും മാത്രം വികസനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന ഒരു അന്തരീക്ഷമാണ് കോട്ടയം ജില്ലയുടേത്. അവിടെ എങ്ങനെ സയൻസ് സിറ്റി എന്ന ആശയം പ്രസക്തമാകുന്നു.

ഉത്തരം: കോട്ടയം ജില്ലയുടെ വികസന ചരിത്രത്തിൽ ഒരു വലിയ നാഴികക്കല്ലായി മാറേണ്ട പദ്ധതിയാണ് സയൻസ് സിറ്റി. ഞാൻ കോട്ടയത്തെ ലോക്സഭാംഗമായിരുന്ന കാലത്ത് കേന്ദ്രസർക്കാരുമായി നടത്തിയ നിരന്തര ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായാണ് കുറവിലങ്ങാട്ട് 30 ഏക്കറിൽ 100 കോടി രൂപ മുതൽമുടക്കി സയൻസ് സിറ്റിയുടെ നിർമ്മാണം ആരംഭിച്ചത്. അന്നേ എനിക്ക് ഉറപ്പുണ്ട്, ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഈ ജില്ലയുടെ മുഖം തന്നെ മാറുമെന്ന്.

സ്പേയ്സ് തിയേറ്റർ, എൻട്രൻസ് പ്ലാസ, മോഷൻ സിമുലേറ്റർ, ഓപ്പൺ എയർ ഓഡിറ്റോറിയം, ഇലക്ട്രിക്കൽ സബ്സ്റ്റേഷൻസ്, കോബൗണ്ട് വാൾ, ഗേറ്റുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ നടപ്പിലാക്കുക. വരുന്ന സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന ബജറ്റിൽ 25 കോടി രൂപയാണ് സർക്കാർ ഈ പദ്ധതിക്ക് വേണ്ടി അനുവദിച്ചിരിക്കുന്നത്. അതിന്റെ അദ്യഘട്ടമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എൽഡി എഫ് ഗവണമെന്റിന്റെ പ്രത്യേകത തന്നെ വികസനത്തിനും നാടിന്റെ വളർച്ചക്കും നൽകുന്ന മുൻതൂക്കമാണ്. അതിന് ഞാനൊരു കാരണക്കാരനായി എന്ന് മാത്രം.

ചോദ്യം: പാലാക്കാരുടെ വർഷങ്ങളായിട്ടുള്ള ഒരു സ്വപ്നമാണ് മീനച്ചിൽ താലൂക്കിൽ പുർത്തിയാക്കിയ ഐ.ഐ.ഐ.ഐടി. കേന്ദ്രത്തിന്റെ ഈ പദ്ധതി കേരളത്തിലേക്ക് എത്തിക്കാൻ എത്രത്തോളം ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുണ്ട്? പ്രത്യേകിച്ച് വികസന മുരടിപ്പുകളുടെ കാര്യത്തിൽ കേരളത്തെ തഴയുന്നയം കേന്ദ്രം സ്വീകരിക്കുന്ന ഒരു സാഹചര്യത്തിൽ?

ഉത്തരം: കേരളം ആവശ്യപ്പെട്ട ഫണ്ടുകളൊക്കെ കേന്ദ്രം അനുവദിച്ചിരുന്നെങ്കിൽ, നമ്മുടെ സംസ്ഥാനം വികസനത്തിന്റെ മറ്റൊരു തലത്തിലേക്ക് എത്തുമായിരുന്നു. അവിടെയാണ് പലപ്പോഴും ഈ തഴയപ്പെടുന്നതിന്റെ ഒരു പ്രശ്നമുടലെടുക്കുന്നത്.

കോട്ടയത്തെ കേന്ദ്രത്തിന്റെ നോളജ് ഹബ് ആയി മാറ്റുക എന്നത് ഇവിടുത്തെ ജനങ്ങളുടെയും അതുപോലെതന്നെ എന്റെയും ഒരു വലിയ ആഗ്രഹമായിരുന്നു. അതിന് ഇത്തരത്തിൽ ഒരു പദ്ധതി അനിവാര്യവുമായിരുന്നു. അതുകൊണ്ടുതന്നെ നിന്ത്രമായിട്ടുള്ള ചർച്ചകളും മറ്റും നടത്തിയാണ് ഇന്നീ കാണുന്ന നിലയിലേക്ക് ആ സപ്നത്തെ ഉയർത്തിയെടുത്തത്.

കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം കേരളത്തിന് അനുവദിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക് നോളജി മീനച്ചിൽ താലൂക്കിലെ വലവൂരിലെ 55 ഏക്കർ സ്ഥലത്ത് ഇന്ന് പൂർത്തിയായി നിൽക്കുമ്പോൾ അതിന് വർഷങ്ങൾ നീണ്ട കഷ്ടപ്പാടിന്റെ കഥകളും പറയാനുണ്ട്. ഏകദേശം 250 കോടിയോളം രൂപയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിക്ക് വേണ്ടി അവിടെ മുടക്കിയിട്ടുള്ളത്. രണ്ടായിരത്തോളം കുട്ടികൾ ഇപ്പോൾ തന്നെ ആ ക്യാമ്പസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതായത് കുട്ടികൾക്ക്, വളർന്നുവരുന്ന നമ്മുടെ പുതുതലമുറയ്ക്ക് പഠിക്കണമെന്ന് അതിയായ ആഗ്രഹമുണ്ട്. അതിനുവേണ്ടി സൗകര്യങ്ങൾ ഒരുക്കി കൊടുക്കേണ്ടത് നമ്മളാണ്.

വെറുമൊരു ഐ.ഐ.ഐ.ടി മാത്രമല്ല അതിന്റെ തുടർഘട്ടമായി ഇൻഫോസിറ്റി ആരംഭിക്കുന്നതിനായി 5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഐ.ഐ.ഐ.ടിക്കൊപ്പം ഒരു ഇൻഫോസിറ്റിയും സ്ഥാപിക്കണം (ഒരു ഇൻസ്റ്റിറ്റ്യൂട്ടിനൊപ്പം ഇൻഡസ്ട്രി) എന്ന ആശയം ഉയരുന്നത്. ഇത് പുതിയ തലമുറയ്ക്ക് ഐ.ടി. മേഖലയിൽ ആഗോള നിലവാരമുള്ള വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും സൗകര്യമൊരുക്കും എന്നതാണ് അഭിമാനകരം.

ചോദ്യം: കേരളാ കോൺഗ്രസിനെ കർഷകരുടെ പാർട്ടിയായിട്ടാണ് കണക്കാക്കുന്നത്. റബ്ബർ കർഷകരുടേയും നെൽ കർഷകരുടേയും പ്രശ്നങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിഹരിക്കാൻ ഇടതു സർക്കാർ മുൻഗണന നൽകാത്തതിനെപ്പറ്റിയുള്ള പ്രതികരണം എന്താണ്?

ഉത്തരം: കാലങ്ങളായി കർഷകരുടെ പ്രശ്നങ്ങൾ മുന്നണികൾക്ക് അകത്ത് ഒരുങ്ങിപ്പോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. ചർച്ചകൾ ഉടലെടുക്കുമെങ്കിലും, അവയിൽ നിന്നും കൃത്യമായ പരിഹാരങ്ങൾ പലപ്പോഴും ഉണ്ടാകാറില്ല. കേരളാ കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പാർട്ടി ഒരു കർഷക പാർട്ടി തന്നെയാണ്. യഥാർത്ഥത്തിൽ കർഷകരുടെ പ്രശ്നങ്ങൾ സാധാരണയായി പൊതു രാഷ്ട്രീയത്തിന്റെ അജണ്ടയിൽ ഇല്ലായിരുന്നു എന്ന് വേണം പറയാൻ. പക്ഷേ, കർഷക പ്രശ്നങ്ങൾ പൊതു രാഷ്ട്രീയത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയത് കെ.എം. മാണിയാണ്. പൊതുജനങ്ങളുടെ ഏറ്റവും വലിയ താല്പര്യമാക്കി കൃഷിയെ മാറ്റിയും, മുഖ്യധാരയിലേക്ക് കർഷകരുടെ വേദനകൾ എത്തിച്ചും കുറേക്കൂടി ഈ വിഷയത്തെ ഗൗരവമായി ചർച്ച ചെയ്തത് കെ.എം. മാണിയാണ്. അതുവരെ നിശബ്ദരായിരുന്ന മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം തന്നെ കെ.എം. മാണി സാറിന്റെ നിലപാടുകൾ പിന്തുടർന്നാണ് കർഷകരെ നാടിന്റെ നട്ടെല്ലായി കാണാൻ തുടങ്ങിയത്.

കേരളത്തിൽ കർഷക ആഭിമുഖ്യമുള്ള രാഷ്ട്രീയ പ്രസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ ഒരു ഉത്തരമേയുള്ളു കേരള കോൺഗ്രസ്. സി.പി.എം., സി.പി.ഐ, കോൺഗ്രസ്, ബി.ജെ.പി തുടങ്ങിയ പാർട്ടികൾക്ക് എല്ലാം തന്നെ കർഷകരുടെ കാര്യത്തിൽ ഉള്ളത് പൊതു നിലപാടുകൾ മാത്രം ആണ്. ആത്യന്തികമായി കർഷകരുടെ പ്രശ്നങ്ങൾ പൊതുശ്രദ്ധയിൽ കൊണ്ടുവരുന്നതും അവർക്കു വേണ്ടി സംസാരിക്കുന്നതും അന്നും ഇന്നും കേരളാ കോൺഗ്രസ് ആണ്.

ചോദ്യം: ഇടതുമുന്നണിക്ക് കർഷകരോടുള്ള സമീപനത്തെ എങ്ങനെ വിലയിരുത്തുന്നു ?

ഇടതു മുന്നണിയുമായി കർഷക പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ തന്നെ ഏറ്റവും കൂടുതൽ കർഷക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത് കേരളാ കോൺഗ്രസ് ആണ്. അതിന്റെ ഫലം എന്നോണം ഒരു പരിധിവരെ കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടത് ഇടതുമുന്നണി തന്നെയാണ്. പട്ടയത്തിന്റെ വിഷയം തന്നെ എടുക്കാം. അവിടെ മറ്റ് പ്രവർത്തനങ്ങൾ നടത്തരുതെന്ന് പറഞ്ഞത് കോടതിയാണ്. അത് ഉപാധികളോടെയാണ്. അവിടെ നിയമം മൂലം കർഷകർക്കും കുടിയേറ്റ ജനതയ്ക്കും ജീവിത നിലനില്പിന് ആവശ്യമായ രീതിയിൽ മാറ്റം ഉണ്ടാക്കുവാൻ ശ്രമിച്ചത് ഇടത് സർക്കാരാണ്. അതിനെ വിസ്മരിക്കാൻ കഴിയില്ല. കാരണം അത് ചരിത്രമാണ്.

റബ്ബർ കർഷകരുടെ കാര്യം എടുക്കുകയാണെങ്കിൽ റബ്ബറിന്റെ കാര്യത്തിൽ ഇപ്പോൾ 150 രൂപയാണ് വില. ഈ പ്രശ്നങ്ങളിലൊക്കെ നമ്മെ ഞെരുക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇവിടെ ഒരു പൊളിറ്റിക്കൽ ഗെയിം ഉണ്ട്.ബി.ജെ.പിക്ക് രാഷ്ട്രീയ നേട്ടം ഇല്ലെങ്കിൽ സംസ്ഥാനങ്ങളെ സാമ്പത്തികമായും രാഷ്ട്രീയമായും ഞെരുക്കുക എന്നതാണ് അവരുടെ തന്ത്രം. കേരളാ കോൺഗ്രസ്സിന്റെയും, കേരളാ ഗവൺമെന്റിന്റേയും ഇടപെടൽ മൂലം വരുംകാലത്ത് റബ്ബർ കർഷകരുടെ കാര്യത്തിൽ വലിയ മാറ്റം ഉണ്ടായേക്കാം.

ചോദ്യം: കേരളത്തിന്റെ വികസനത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാടുകളെ എങ്ങനെ വിലയിരുത്തുന്നു?

ബി.ജെ.പിക്ക് രാഷ്ട്രീയ നേട്ടം ഇല്ലാത്ത സംസ്ഥാനങ്ങളെ രാഷ്ട്രീയമായും, സാമ്പത്തികമായും ഞെരുക്കുക. തമിഴ് നാടിനെ നോക്കിയാലും ഇതേ വിഷയം തന്നെയാണ്. എങ്കിലും കേരളാ കോൺഗ്രസ് ആണ് മുന്നണിയുടെ ശ്രദ്ധയിൽ പെടുത്തി ചില ഇടപെടലുകൾ മൂലം റബ്ബറിന്റെ താങ്ങുവില 150 ൽ നിന്ന് 180-ലേക്ക് ഉയർത്താൻ കഴിഞ്ഞു.

കേന്ദ്ര എംപവേർഡ് കമ്മിറ്റിക്ക് നൽകാനുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സാറ്റലൈറ്റ് സർവേയ്ക്ക് പകരം വില്ലേജ് – പഞ്ചായത്ത് സമിതികൾ മുഖീരമിച്ച് ഗ്രൗണ്ട് സർവ്വേ നടത്തണമെന്ന് മുഖ്യമന്ത്രിയെ നേരിൽ കണ്ട് ആവശ്യപ്പെടുകയും സർക്കാർ അനുകൂലമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചോദ്യം: കാരുണ്യ പദ്ധതി ഫലപ്രദമായി നടക്കുന്നില്ല എന്ന് പൊതുവെ അഭിപ്രായമുണ്ട്. കെ.എം. മാണിയുടെ വിശാലമായ സാമൂഹിക നയത്തെ കാഴ്ചപ്പാടുള്ള ഈ പദ്ധതി ജനങ്ങളുമായി കൂടുതൽ അടുക്കുവാൻ അദ്ദേഹത്തിന് സാധിച്ച പദ്ധതി കൂടിയാണല്ലോ?

ശ്രീ. കെ.എം. മാണി കേരളത്തിനു മുൻപിൽ അവതരിപ്പിച്ച ഏറ്റവും വലിയ ജനകീയ പദ്ധതിയായിരുന്നു കാരുണ്യ. എല്ലാകാലത്തും ഫലപ്രദമായ രീതിയിൽ ഈ പദ്ധതി മുന്നോട്ട് കൊണ്ടു പോകണം എന്നു തന്നെയാണ് പാർട്ടിയുടെ ആഗ്രഹം. അതുകൊണ്ട് തന്നെ അന്നെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താറുണ്ട്. മാണിസാർ ഉണ്ടായിരുന്ന സമയത്ത് കാരുണ്യ പദ്ധതിയുടെ നിയന്ത്രണം അദ്ദേഹത്തിന്റെ കൈകളിലായിരുന്നു എന്ന് നിസ്സംശയം പറയാം. ഇടതു പക്ഷമാകട്ടെ വലതു പക്ഷമാകട്ടെ ആരായിരുന്നാലും കൃത്യമായ ഇടപെടലുകൾ അദ്ദേഹം ഈ പദ്ധതിയിൽ നടത്തിയിരുന്നു.

ചോദ്യം: മലയോര കർഷകർ കേരളാ കോൺഗ്രസിന്റെ അടിസ്ഥാന വർഗമാണ്. കർഷകർ വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുമ്പോൾ വനം മന്ത്രിയുടേയും സർക്കാരിന്റെയും കഴിവില്ലായ്മയെ പാർട്ടി എങ്ങനെ കാണുന്നു?

ഉത്തരം: കർഷകരും വന്യജീവികളും തമ്മിലുള്ള യുദ്ധം തുടങ്ങിയിട്ട് കാലം ഒരുപാട് ആയി. ഒണ്ടിടത്തും നിലനിൽപ്പിനു വേണ്ടി പോരാടുന്നതുകൊണ്ട് തന്നെ അത് കുറയ്ക്കാൻ മാത്രമേ നമ്മളെ കൊണ്ട് പറ്റുകയുള്ളു. മലയോര കർഷകരുടേയും, വന്യമൃഗ പ്രശ്നങ്ങളെയും സംബന്ധിച്ച് പാർലമെന്റിൽ ഏറ്റവും കൂടുതൽ സംസാരിച്ചിട്ടുള്ളത് തോമസ് ചാഴികാടനും, രാജ്യസഭയിൽ ഞാനുമാണ്.

ചോദ്യം: ഇന്നത്തെ നിലയിൽ മൂന്നോട്ട് പോയാൽ 2026-ൽ ഇടതുമുന്നണി മുന്നാം തവണയും അധികാരത്തിൽ വരുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം: ഒരു വലിയ സംസ്ഥാനത്തെ നിയന്ത്രിക്കുമ്പോൾ അതിൽ ചില പാകപ്പിഴകൾ വരുന്നത് സാധാരണമാണ്. അവ തിരുത്തി പിന്നീട് ആവർത്തിക്കാത്ത രീതിയിൽ മുന്നോട്ടു പോവുക എന്നത് മാത്രമാണ് ഒരു നേതാവിനെ സംബന്ധിച്ചിടത്തോളം ചെയ്യാൻ കഴിയുന്ന ഒരേയൊരു കാര്യം. അതുകൊണ്ടുതന്നെ എൽ.ഡി.എഫ് മൂന്നാം തവണയും അധികാരത്തിൽ വരാനാണ് ഏറ്റവും അധികം സാധ്യതയുള്ളത്.

ചോദ്യം: കേരളാ കോൺഗ്രസ് യുഡിഎഫിന്റെ ഭാഗമായി നിന്നുകൊണ്ട് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കണമെന്ന് ജനാധിപത്യ വിശ്വാസികൾ ആഗ്രഹിക്കുന്നു. സാധ്യതയുണ്ടോ ?

ഉത്തരം: നിലവിൽ അത്തരം സാധ്യതകൾ ഒന്നും തന്നെയില്ല. ഇടതുമുന്നണി മികച്ച രീതിയിൽ തന്നെയാണ് കേരള കോൺഗ്രസിനെ പരിഗണിക്കുന്നത്. അവരുടെ ഏറ്റവും വലിയ ഭാഗമായിത്തന്നെ ഞങ്ങളെ ചേർത്തുപിടിച്ചിട്ടുണ്ട്. ഉയർത്തിക്കൊണ്ടുവരുന്ന ഓരോ കാര്യങ്ങൾക്കും വ്യക്തവും കൃത്യവുമായ തീരുമാനങ്ങൾ കൂടിയാലോചിച്ചു കൈക്കൊള്ളാനും മറ്റും മുഖ്യമന്ത്രി തന്നെ മുൻപിൽ നിൽക്കാറുണ്ട്. അതുകൊണ്ട് യുഡിഎഫിനൊപ്പം ചേർന്നുകൊണ്ടുള്ള ഒരു യാത്ര ഇപ്പോഴത്തെ നിഘണ്ടുവിൽ ഇല്ല എന്നത് കൃത്യമാണ്.

ചോദ്യം: കേരളത്തിലെ പുതിയ തലമുറ കേരളം വിട്ട് പുറത്തേക്ക് വിദ്യാഭ്യാസത്തിനും ജോലിക്കും പോകുന്ന പ്രവണത കൂടി വരികയല്ലേ? കേരളത്തിലെ തൊഴിലില്ലായ്മയും പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ സാധ്യതയില്ലായ്മയുമല്ലേ അത് സൂചിപ്പിക്കുന്നത്?

ഉത്തരം: എം.പി എന്ന നിലയിൽ ഞാൻ ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നത് എന്റെ മണ്ഡലത്തെ കോട്ടയത്തെ ഒരു നോളജ്ഹബ് ആക്കി മാറ്റുക എന്നായിരുന്നു. കേരളാ സ്റ്റാർട്ടപ്പിന്റെ കേന്ദ്രമാക്കുക, കേരളം കണ്ടുപിടുത്തത്തിന്റെ കേന്ദ്രമാക്കുക. നമുക്ക് പഠിക്കാൻ ഇവിടെ തന്നെ അവസരങ്ങൾ ഉണ്ടാക്കുക. സ്വകാര്യ സർവ്വകലാശാലകൾ വരണമെന്ന് ആഗ്രഹിക്കുന്ന ആളാണ്. പക്ഷേ, നിർദ്ധനരായ വിദ്യാർത്ഥികൾക്കും പഠിക്കുവാൻ അവിടെ അവസരം ലഭിക്കണം.

ചോദ്യം: കോട്ടയം ജില്ലയിൽ എയിംസ് വരാൻ സാധ്യതയുണ്ടോ ?

കോട്ടയം ജില്ലയിൽ എയിംസ് കൊണ്ടുവരുന്നതിനായി ആരോഗ്യമന്ത്രി ആയിരുന്ന ഹർഷവർദ്ധനനെ കണ്ടതാണ്. കോട്ടയം മെഡിക്കൽ കോളജിനടുത്ത് 100 ഏക്കർ സ്ഥലം കണ്ടുപിടിച്ച് ഒരു പ്രോജക്റ്റ് ആയിട്ടാണ് അദ്ദേഹത്തെ സമീപിച്ചത്. അദ്ദേഹം അത് പരിഗണിക്കാമെന്ന് പറഞ്ഞതാണ്. പിന്നീട് അതിന്റെ ഫോട്ടോ അപ്പിനായി ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു 200 ഏക്കർ വേണം എന്ന്. ഭുവനേശ്വർ എയിംസിന് 90 ഏക്കറേ ഉള്ളല്ലോ എന്ന് ഞാൻ പറഞ്ഞു. സംഭവം നടന്നില്ല. അപ്പോൾ എന്താണ് കാര്യം. ഇതെല്ലാം പൊളിറ്റിക്കൽ ആണ്. പൊളിറ്റിക്കൽ അജണ്ട ഉള്ളതു കൊണ്ടാണ് ഇതൊന്നും നടക്കാത്തത്.

നമ്മുടെ കുട്ടികൾ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഊർജ്ജസ്വലരാക്കാൻ പദ്ധതികൾ ഉണ്ടാവണം 'വൺ എം.പി. വൺ ഐഡിയ' എന്ന ഒരു പദ്ധതി എം.പിമാർക്ക് ഉണ്ട്. ഒരു കണ്ടുപിടുത്തം നടത്തുന്ന ഒരു കുട്ടിക്ക് 5 ലക്ഷം രൂപ നൽകും. എന്റെ മണ്ഡലത്തിൽ അങ്ങനെ ഇന്ത്യയിൽ ആദ്യമായി കോട്ടയത്ത് നടത്തി.

ചോദ്യം: കേരളാ മുഖ്യമന്ത്രി എന്ന നിലയിൽ പിണറായി വിജയനുമായുള്ള സൗഹൃദം?

കേരളത്തിന്റെ മുഖ്യമന്ത്രി എന്ന നിലയിലും ഒരു സുഹൃത്ത് എന്ന നിലയിലും നല്ല ബന്ധമാണ് അദ്ദേഹവുമായി എനിക്കുള്ളത്. അദ്ദേഹത്തെ സമീപിച്ച് ഒരു വിഷയം ഉന്നയിച്ചാൽ അത് നടക്കുമെങ്കിൽ നടക്കും എന്ന് പറയും. നോ പറഞ്ഞാൽ പിന്നെ അതിന്റെ പിറകെ പോയിട്ട് കാര്യമില്ല. യു ഡി. എഫിൽ അങ്ങനെ അല്ലായിരുന്നു. പിറകെ കൂറെ നടക്കണം, എന്തെങ്കിലും ലഭിക്കുന്നത് ചിലപ്പോൾ മാത്രം.

ചോദ്യം: കെ.എം. മാണിസാറിനെ എങ്ങനെ വിലയിരുത്തും?

ഉത്തരം: കെ.എം. മാണി കേരള പൊതുസമൂഹത്തിന്റെ സ്വത്ത് ആണ്. അദ്ദേഹത്തെ അറിയാവുന്ന ഏതൊരാളോടു ചോദിച്ചാലും അവർ പറയും അദ്ദേഹം അവരുടേതാണെന്ന്. സഭകൾ, സമുദായങ്ങൾ, വ്യക്തികൾ എല്ലാവരുടേയും ആയിരുന്നു അദ്ദേഹം. അതൊരു പ്രത്യേക വ്യക്തിത്വമാണ്. 60 വർഷമായി ശക്തമായി കേരളാ കോൺഗ്രസ് മുന്നോട്ട് പോകുന്നത് കെ.എം. മാണി എന്ന വ്യക്തിത്വത്തിന്റെ പ്രഭയിൽ തന്നെയാണ്. ആ പാഠങ്ങൾ ഉൾക്കൊണ്ടാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. കർഷകരുടെ ഏത് പ്രശ്നങ്ങൾ എടുത്താലും അവയുടെ പരിഹാരങ്ങൾക്കും സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആദ്യം മുന്നിട്ടിറങ്ങുന്നത് മാണിസാറും കേരളാ കോൺഗ്രസും ആയിരുന്നു. ഇപ്പോൾ ഞങ്ങളും....

ഞങ്ങൾ തമ്മിലുള്ള സംഭാഷണം അവസാനിപ്പിച്ച് മടങ്ങുമ്പോൾ എനിക്കൊരു കാര്യം വ്യക്തമായി. സമൂഹത്തിന്റെ എതൊരു കാര്യത്തിലും ജോസ് കെ. മാണിക്ക് കൃത്യമായ ധാരണയും തീരുമാനങ്ങളും ഉണ്ട്. അത് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും തന്നെ വ്യക്തമാണ്. എങ്ങനെയാണോ ഒരു നേതാവ് ആയിരിക്കേണ്ത് എന്നതിന്റെ എല്ലാ അടയാളവും ഈ സംഭാഷണത്തിൽ അദ്ദേഹം ബാക്കി വച്ചിട്ടുണ്ട്.



ജോസ് കെ. മാണിയും ഭാര്യ നിഷയും

ജോസ് കെ. മാണിയും കുടുംബവും

അഭിമുഖത്തിന്റെ സമ്പൂർണ്ണ രൂപം
കേരള എക്സ്പ്രസ്സ് ഓൺലൈനിൽ
www.keralaexpress.com